വിവരാവകാശ നിയമം

നമ്മുടെ "ജനാധിപത്യത്തിന്റെ സൂര്യതേജസ്സ്" എന്നറിയപ്പെടുന്ന നിയമം - വിവരാവകാശ നിയമം

ലോകത്തിലാദ്യമായി വിവരാവകാശ നിയമം പാസ്സാക്കിയ രാജ്യം - സ്വീഡൻ

വിവരാവകാശനിയമം പാസ്സാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം - തമിഴ്നാട് (1997)

വിവരാവകാശ നിയമപ്രകാരം വിവരം ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത് - പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

വിവരാവകാശനിയമം (Right to Information Act) ഇന്ത്യൻ പാർലമെൻ്റ് പാസ്സാക്കിയത് - 2005 ജൂൺ 15 ന്

വിവരാവകാശ നിയമം നിലവിൽ വന്നത് - 2005 ഒക്ടോബർ 12 ന്

സമയപരിധിക്കുള്ളിൽ ശരിയായ വിവരം നൽകുന്നതിൽ വീഴ്ചവരുത്തുന്ന പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അടയ്ക്കേണ്ട പിഴ - ഒരു ദിവസത്തേക്ക് 250 രൂപ

പരമാവധി പിഴ എത്രയാണ് - 25000 രൂപവരെ

വിവരാവകാശ നിയമപ്രകാരം വിവരം ലഭിക്കാൻ അപേക്ഷാഫീസ് നൽകേണ്ടതില്ലാത്തത് ഏത് വിഭാ ഗത്തിനാണ് - ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (BPL)

കേന്ദ്ര ഇന്റലിജൻസ്, സെക്യൂരിറ്റി ഏജൻസികളെ വിവരാവകാശനിയമത്തിൻ്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അഴിമതി, മനുഷ്യാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ കേന്ദ്ര വിവരാവകാശ കമ്മീഷൻ്റെയോ

സംസ്ഥാന വിവരാവകാശ കമ്മീഷന്റെയോ അനുമതിയോടെ നൽകാവുന്നതാണ്.

പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരായി ആർക്കാണ് അപ്പീൽ നൽകേണ്ടത് പ്രസ്തുത ഓഫീസിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തൊട്ട് മുകളിലുള്ള ഉദ്യോഗസ്ഥന്

എത്ര ദിവസത്തിനുള്ളിലാണ് ആദ്യ അപ്പീൽ നൽകേണ്ടത് മറുപടി ലഭിച്ച്, അല്ലെങ്കിൽ മറുപടി ലഭിക്കേണ്ട സമയപരിധി അവസാനിച്ച് 30 ദിവസത്തിനുള്ളിൽ.

രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടത് - ആർക്കാണ് സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ അല്ലെങ്കിൽ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ.

എത്ര ദിവസത്തിനുള്ളിലാണ് രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടത് - 90 ദിവസത്തിനുള്ളിൽ

സുപ്രീം കോടതിയ്ക്കും ഹൈക്കോടതികൾക്കുമൊഴികെ മറ്റൊരു കോടതിയ്ക്കും വിവരാവകാശ നിയമം സംബന്ധിച്ച കേസുകളിൽ ഇടപെടുവാൻ അധികാരമില്ല.

"വിവരാവകാശ നിയമത്തിൻ്റെ മുൻഗാമി' എന്നറിയപ്പെടുന്നത് - Freedom of Information Act -2002

അപേക്ഷിക്കുന്ന തീയതി മുതൽ 20 വർഷം മുൻപ് വരെയുള്ള കാര്യങ്ങൾ മാത്രമാണ് വിവരാവകാശ നിയമത്തിൻ്റെ പരിധിയിൽ വരുന്നത്.

വിവരാവകാശ നിയമപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ

ഗവൺമെന്റ് ഓഫീസുമായി ബന്ധപ്പെട്ട ഫയലുകൾ

രേഖകൾ, പ്രമാണങ്ങൾ, സർക്കുലർ, മെമ്മോകൾ, ഉപദേശങ്ങൾ, ഉത്തരവുകൾ, കരാറുകൾ, റിപ്പോർട്ടുകൾ, ലോഗ്ബുക്ക്, പത്രക്കുറിപ്പ്,

സാമ്പിളുകൾ, മാതൃകകൾ, ഇലക്ട്രോണിക് രൂപത്തിൽ കൈവശം വച്ചിരിക്കുന്ന വിവരങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ, ഇ-മെയിൽ, പൊതു അധികാരികൾക്ക് ലഭ്യമാകുന്ന സ്വകാര്യസ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ

വിവരാവകാശ നിയമപ്രകാരം ലഭ്യമാകാത്ത ചില വിവരങ്ങൾ

രാജ്യസുരക്ഷയെയും അഖണ്ഡതയെയും ബാധിക്കുന്ന വിവരങ്ങൾ

കോടതിയുടെ പരിഗണനയിലുള്ളവ

വ്യക്തികളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണിയാകുന്നവ

സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമം - സേവനാവകാശ നിയമം

സേവനാവകാശ നിയമം കേരളത്തിൽ നിലവിൽ - 2012 നവംബർ 1 വന്നത്

വിവരാവകാശ നിയമം പാർലമെൻ്റ് പാസ്സാക്കുന്നതിന് പ്രേരക ശക്തിയായ സംഘടന - മസ്ദൂർ കിസാൻ ശക്തി സംഘതൻ

അരുണാ റോയിയുടെ നേതൃത്വത്തിൽ മസ്ദൂർ കിസാൻ ശക്തി സംഘതൻ സ്ഥാപിക്കപ്പെട്ടത് രാജസ്ഥാനിലാണ്.

വിവരാവകാശ നിയമപ്രകാരം അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ മറുപടി നൽകണം - 30 ദിവസം

അപേക്ഷ സമർപ്പിക്കുന്നത് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണെങ്കിൽ എത്ര ദിവസത്തിനുള്ളിലാണ് മറുപടി നൽകേണ്ടത് - 35 ദിവസം

ആവശ്യപ്പെടുന്ന വിവരം വ്യക്തിയുടെ ജീവനെയും സ്വാതന്ത്ര്യത്തെയും സംബന്ധിച്ചുള്ള താണെങ്കിൽ - 48 മണിക്കുറിനുള്ളിൽ വിവരം നൽകണം

വിവരാവകാശനിയമപ്രകാരം വിവരം തിരക്കുന്നതിന് അപേക്ഷാഫീസ് എത്രയാണ് - 10 രൂപ

ഇന്ത്യയിലെ ആദ്യ വിവരാവകാശ അപേക്ഷ നൽകിയത് - ഷാഹിദ് റാസ ബെർണേ (പൂനെ പോലീസ് സ്റ്റേഷനിൽ)

വിവരാവകാശനിയമത്തിൻ്റെ പരിഷ്കൃതരൂപം പാസ്സാക്കിയത് - 2011 ഫെബ്രുവരി

വിവരാവകാശനിയമത്തിലെ ഷെഡ്യൂളുകളുടെ എണ്ണം - 2

കൃത്യമായി വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ ജാമ്യമില്ലാ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ച ആദ്യ സംസ്ഥാനം - അരുണാചൽപ്രദേശ്

ടെലിഫോണിലൂടെ വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം - ഉത്തർപ്രദേശ്

□കേന്ദ്ര വിവരാവകാശ നിയമം

കേന്ദ്ര വിവരാവകാശ കമ്മീഷൻ്റെ ആസ്ഥാനം - CIC ഭവൻ (ന്യൂഡൽഹി)
(മുൻപ് : ആഗസ്ത് ക്രാന്തി ഭവൻ ന്യൂഡൽഹി)

കേന്ദ്ര ചീഫ് ഇൻഫർമേഷൻ കമ്മീഷണറും 10-ൽ കൂടാത്ത ഇൻഫർമേഷൻ കമ്മീഷണർമാരും അടങ്ങുന്നതാണ് കേന്ദ്രവിവരാവകാശ കമ്മീഷൻ.

കേന്ദ്രമുഖ്യ വിവരാവകാശ കമ്മീഷണറെയും കമ്മീഷണർമാരെയും തിരഞ്ഞെടുക്കുന്നത് :

പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷനേതാവ്, പ്രധാനമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന ഒരു കാബിനറ്റ് മന്ത്രി എന്നിവരടങ്ങിയ മൂന്നംഗ സമിതി.

കേന്ദ്ര മുഖ്യവിവരാവകാശ കമ്മീഷണറെയും കമ്മീഷണർമാരെയും നിയമിക്കുന്നത് - പ്രസിഡന്റ്

കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറും കമ്മീഷണർമാരും സത്യപ്രതിജ്ഞ ചെയ്യുന്നത് -
പ്രസിഡൻ്റിൻ്റെ മുമ്പാകെ

കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറും കമ്മീഷണർമാരും രാജിക്കത്ത് സമർപ്പിക്കുന്നത് - പ്രസിഡന്റിന്

കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറായ ആദ്യ വ്യക്തി - വജാഹത് ഹബീബുള്ള

കേന്ദ്ര മുഖ്യവിവരാവകാശ കമ്മീഷണറായ ആദ്യ വനിത - ദീപക് സന്ധു

നിലവിലെ കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണർ - ഹീരാലാൽ സമറിയ

കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറെയും കമ്മീഷണർമാരെയും നീക്കം ചെയ്യുന്നത് - പ്രസിഡന്റ്
(സുപ്രീംകോടതിയുടെ ഉപദേശപ്രകാരം)

കേന്ദ്ര-സംസ്ഥാന വിവരാവകാശ കമ്മീഷണർമാരെ നീക്കം ചെയ്യുന്നതിനുള്ള കാരണം - തെളിയിക്കപ്പെട്ട ദുർവൃത്തി, അപ്രാപ്തി എന്നിവ

സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറെയും കമ്മീഷണർമാരെയും തിരഞ്ഞെടുക്കുന്നത് -

മുഖ്യമന്ത്രി, സംസ്ഥാന അസംബ്ലിയിലെ പ്രതി പക്ഷനേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന ഒരു കാബിനറ്റ് മന്ത്രി എന്നിവരടങ്ങിയ മൂന്നംഗസമിതി.

സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണറെയും കമ്മീഷണർമാരെയും നിയമിക്കുന്നത് - ഗവർണർ

സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണറും കമ്മീഷണർമാരും സത്യപ്രതിജ്ഞ ചെയ്യുന്നത് - ഗവർണർ മുമ്പാകെ

സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറും കമ്മീഷണർമാരും രാജിക്കത്ത് സമർപ്പിക്കുന്നത് - ഗവർണർക്ക്

സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറെയും കമ്മീഷണർമാരെയും നീക്കം ചെയ്യുന്നത് - ഗവർണർ (സുപ്രീംകോടതിയുടെ ഉപദേശപ്രകാരം)

കേരളത്തിലെ പ്രഥമ ചീഫ് ഇൻഫർമേഷൻ കമ്മീഷണർ - പാലാട്ട് മോഹൻദാസ്

കേരളത്തിലെ നിലവിലെ ചിഫ് ഇൻഫർമേഷൻ കമ്മീഷണർ - വി. ഹരിനായർ

2019 ലെ വിവരാവകാശ ഭേദഗതി നിയമം

വിവരാവകാശ നിയമ ഭേദഗതി ബിൽ, 2019 ലോക്സഭയിൽ അവതരിപ്പിച്ചത് - ജിതേന്ദ്ര സിംഗ് (2019 ജൂലൈ 19)

ബിൽ ലോക്സഭ പാസ്സാക്കിയത് - 2019 ജൂലൈ 22

ബിൽ രാജ്യസഭ പാസ്സാക്കിയത് - 2019 ജൂലൈ 25

രാഷ്ട്രപതി ഒപ്പുവച്ചത് - 2019 ആഗസ്റ്റ് 1

ഈ ഭേദഗതി പ്രകാരം ദേശീയ സംസ്ഥാന വിവരാവകാശ കമ്മീഷണറുടെയും ഇൻഫർമേഷൻ കമ്മീഷണർമാരുടെയും കാലാവധി തീരുമാനിക്കുന്നത് കേന്ദ്രസർക്കാരിൽ നിക്ഷിപ്തതമാക്കി (മുൻപ് ഇത് 5 വർഷം അല്ലെങ്കിൽ 65 വയസ്സായിരുന്നു)

2019 ലെ ഭേദഗതി അനുസരിച്ച് കേന്ദ്ര-സംസ്ഥാനങ്ങളിലെ മുഖ്യവിവരാവകാശ കമ്മീഷണർ ഉൾപ്പെടെ എല്ലാ വിവരാവകാശ കമ്മീഷണർമാരുടെയും കാലാവധി 3 വർഷമാക്കി ചുരുക്കി.

*ദേശീയ സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും തീരുമാനിക്കുന്നതും ഇനി മുതൽ കേന്ദ്രസർക്കാരാണ്.-

2019-ലെ ഭേദഗതി അനുസരിച്ച് കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറുടെ ശമ്പളം - 2,50,000 രൂപ

2019-ലെ ഭേദഗതി അനുസരിച്ച് കേന്ദ്ര വിവരാവകാശ കമ്മീഷണർമാർ, സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർമാർ, സംസ്ഥാന വിവരാവകാശ കമ്മീഷണർമാർ എന്നിവരുടെ ശമ്പളം - 2,25,000 രൂപ